കൾക്കുള്ള പര്യവേഷണവും സ്ഥലമെടുപ്പും പുരോഗതിയിലാണ്. ചമ്രവട്ടത്ത് റഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതിക്ക് 70 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രാരംഭപണികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) ഫണ്ടിന്റെ ലഭ്യതക്കനുസൃതമായി പ്രസ്തുത പദ്ധതികൾ പത്താംപദ്ധതിയവസാനത്തിൽ പൂർത്തിയാക്കാൻ സാധിക്കുന്നതാണ്.

(ഇ) ആന്റ് (എഫ്) വൻകിട-ഇടത്തരം ജലസേചനമേഖലയിൽ വാമനപുരം പദ്ധതികൾ പണി അടുത്ത സാമ്പത്തികവർഷം പുനരാരംഭിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് മാത്രമേ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. ഇതിനു പ്രത്യേകമായി തുക ഇപ്പോൾ വകകൊള്ളിച്ചിട്ടില്ല.

കവണക്കല്ല് ബ്രിഡ്ജ് -കം-റഗുലേറ്റർ ഷട്ടറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

26 (3425) ശ്രീ. മോൻസ് ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കവണക്കല്ല് ബ്രിഡ്ജ്-കം-റെഗുലേറ്റർ ഷട്ടറിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്ക് എത്ര തുക അഡ്വാൻസ് നല്കിയിരുന്നു; ഇതിന് നിയമസാധ്യതയുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) അഡ്വാൻസ് നല്കിയിട്ടും സമയത്തുപണി തീരാതിരുന്നിട്ടുണ്ടോ; എങ്കിൽ കാരണം വെളിപ്പെടുത്തുമോ;

(സി) ഈ പണിക്ക് ഉപയോഗിച്ച പെയിന്റ് ഉൾപ്പെടെയുള്ള സാധനങ്ങളുടെ ഗുണനിലവാരവും അളവും പരിശോധന നടത്തിയിട്ടുണ്ടോ;

(ഡി) ആവശ്യമായ ഘനം ഇല്ലാത്ത ഷീറ്റുകൾ ഉപയോഗിച്ചതിനെപ്പറ്റി റിപ്പോർട്ട് ലഭിച്ചിരുന്നോ;

എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(ഇ) ഈ ജോലിയുടെ ചുമതല ഉണ്ടായിരുന്ന ഏതെങ്കിലും എൻജിനീയറെ സ്ഥലം മാറ്റിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത ഷട്ടർ നിർമ്മാണത്തിൽ നടക്കുന്നതായ അഴിമതികളെപ്പറ്റി സാങ്കേതിക വിദഗ്ദർ ഉൾപ്പെടുന്ന സമിതിയെക്കൊണ്ട് അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 21.1.1997 ലെ സർക്കാർ ഉത്തരവ് പ്രകാരം കോൺട്രാക്ട് തുകയുടെ 30% ആയ 61,34,402 രൂപ സർക്കാർ സ്ഥാപനമായ 'കെല്ലിന്' അനുവദിച്ചിരുന്നു.

(ബി) സിവിൽ വർക്കുകൾ തീരുന്ന മുറയ്ക്കുതന്നെ റഗുലേറ്റർ ഷട്ടറുകളും സ്ഥാപിച്ചു കഴിഞ്ഞിരുന്നു. ഈ ഷട്ടറുകളുടെ ഹോയിസ്റ്റ് മെക്കാനിസത്തിന്റെയും ലോക്ക് ഷട്ടറുകളുടെയും പണി അവസാനഘട്ടത്തിലാണ് സിവിൽ പ്രവൃത്തികൾ തീരുന്ന മുറയ്ക്ക് ഇവ ഘടിപ്പിയ്ക്കുന്നതാണ്.

(സി) ഉണ്ട്.

(ഡി) & (ഇ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) നിർമ്മാണത്തിൽ യാതൊരുവിധ അഴിമതിയും നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കല്ലേത്രയിൽപടി മുതൽ കട്ടിളപ്പാറവരെ കല്ലുകെട്ടി സംരക്ഷിക്കുന്നതിന് നടപടി

27 (3426) ശ്രീ. മാമ്മൻ മത്തായി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറിപടി നൽകുമോ:

(എ) തിരുവല്ലാ നിയോജകമണ്ഡലത്തിൽ മണിമലയാറിന് പടിഞ്ഞാറെക്കരയിലുള്ള കല്ലേത്രയിൽപടി മുതൽ കട്ടിളപ്പാറവരെയുള്ള ഭാഗം വെള്ളപ്പൊക്കത്താലും ശക്തമായ ഒഴുക്കിനാലും ഇടിഞ്ഞു വീഴുന്നതുമൂലം 15 ഓളം വീട്ടുകാർ ഭീഷണിയെ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു;

(ബി) പ്രസ്തുത ഭാഗം കല്ലുകെട്ടി സംരക്ഷിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എസ്റ്റിമേറ്റ് തുക എത്ര:

(സി) പ്രസ്തുത ജോലിക്കുവേണ്ടി കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് അനുവദിക്കാമെന്ന് അറിയിച്ചിട്ടുണ്ടോ;

(ഡി) ഈ ജോലി അടിയന്തിരമായി ചെയ്യാനാവശ്യമായ നിർദ്ദേശം നല്കുമോ?

ഉത്തരം

(എ) ഉണ്ട്.

പ്രസ്തുത ഭാഗം സംരക്ഷിക്കുന്നതിനായുള്ള ഒരു പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി വെള്ളപ്പൊക്കം ഉണ്ടാകുന്ന നദികളുടെ സംരക്ഷണത്തിനായുള്ള കേന്ദ്ര പദ്ധതിയിൽപ്പെടുത്തി അനുമതിയ്ക്കായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. ഒരു കോടി പത്തുലക്ഷം രൂപ.

(സി) ഇതുവരെ അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

(ഡി) കേന്ദ്ര അനുമതി ലഭിക്കുന്ന മുറയ്ക്ക് പണി നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

കോഴിക്കോട് ബംഗ്ലാദേശ് കോളനി കടൽഭിത്തി നിർമ്മാണം

28 (3427) ശ്രീ. എം. ദാസൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ബംഗ്ലാദേശ് കോളനി കടൽഭിത്തി നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചപ്പോൾ അതിൽ ഓവുചാൽ നിർമ്മാണവും ഉൾപ്പെട്ടിരുന്നുവോ;

(ബി) ഓവുചാൽ ഒഴിവാക്കിയാണോ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതെന്ന് വിശദമാക്കുമോ;

(സി) എങ്കിൽ കാരണം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly